നല്ലൊരു നാളേക്ക്

കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

Printed and published by Director, Information Public Relations Department on behalf of Government of Kerala

നല്ലൊരു നാളേക്ക്

ഭക്ഷണം, പാർപ്പിടം, തൊഴിൽ എന്നീ
അടിസ്ഥാന ആവശ്യങ്ങൾക്ക് ഊന്നൽ നൽകി
സർക്കാർ ഇനിയും മുന്നോട്ട്

കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

എല്ലാവർക്കും ഭക്ഷണം

- കോവിഡ് ലോക്ഡൗണിനെത്തുടർന്നുണ്ടായ പ്രതിസന്ധി മറികടക്കാൻ എല്ലാ കുടുംബങ്ങൾക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ റേഷൻ.
- കോവിഡ് കാലത്ത് 86 ലക്ഷത്തോളം കുടുംബങ്ങൾക്ക് 17 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ പലവ്യഞ്ജന കിറ്റ്
- സപ്ലൈകോ വിപണനശാലകളിലൂടെ 40% വിലക്കിഴിവിൽ ഉൽപന്നങ്ങൾ
- പുതുതായി 48 മാവേലിസ്റ്റോറുകൾ, 15 സൂപ്പർ മാർക്കറ്റുകൾ, 24 മാവേലി സൂപ്പർ സ്റ്റോറുകൾ
- മഹാമാരികാലത്തു സംസ്ഥാന ഖജനാവിൽ നിന്ന് ചെലവഴിച്ചത് 2,845.79 കോടി
- സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിശപ്പുരഹിതകേരളം പദ്ധതിയുടെ ഭാഗമായി 20 രൂപക്ക് ഊണ്, 883 കുടുംബശ്രീ ജനകീയഹോട്ടലുകൾ.
- ഏതു കാർഡുടമയ്ക്കും ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാനുള്ള പോർട്ടബിലിറ്റി സംവിധാനം

കാർഷിക സമൃദ്ധി

- നെല്ലുൽപാദനത്തിൽ 20 വർഷത്തെ റെക്കോർഡ്
- 50,000 ഏക്കർ തരിശുനിലങ്ങൾ കതിരണിഞ്ഞു.
- രാജ്യത്ത് ഏറ്റവും ഉയർന്ന വില നൽകി നെല്ല് സംഭരിക്കുന്നത് കേരളത്തിൽ
- ഏപ്രിൽ ഒന്നു മുതൽ നെല്ലിന്റെ സംഭരണവില 28 രൂപ. നാളികേരത്തിന്റെ സംഭരണവില 27 രൂപയിൽ നിന്നും 32 രൂപയാക്കി.
- കർഷക ക്ഷേമത്തിന് ഫാർമേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
- രാജ്യത്താദ്യമായി 16 ഇനം പഴം-പച്ചക്കറി ഇനങ്ങൾക്കു താങ്ങുവില
- എല്ലാ വാർഡുകളിലും ഞാറ്റുവേല ചന്തകളും കർഷക സഭകളും
- നഗരങ്ങളിൽ ഹരിത നഗരി പദ്ധതി, ടെറസ്സുകൃഷി പ്രോത്സാഹനം, പച്ചക്കറി പായ്ക്കറ്റുകളുടെ വിതരണം
- സമഗ്ര പച്ചക്കറി വികസന പദ്ധതി 'ജീവനി-നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം'
- പച്ചക്കറികൾക്ക് ന്യായവില ഉറപ്പുവരുത്താൻ 'ഓണസമൃദ്ധി' പദ്ധതി
- അതിസാന്ദ്രതാ കൃഷിയുടെ പ്രദർശന തോട്ടങ്ങൾ
- പ്രളയകാലത്ത് കാർഷിക ഉത്പന്നങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും പുനരുജ്ജീവനത്തിനായി പുനർജനി പദ്ധതി
  - ആദിവാസി മേഖലയിലെ തനത് കൃഷി പ്രോത്സാഹനത്തിനും വരുമാന വർധനവിനുമായി മില്ലേറ്റ് വില്ലേജ് പദ്ധതി

ജോലിക്കു കൂലി

- ഏറ്റവും ഉയർന്ന മിനിമം വേതനം നിലവിലുള്ള സംസ്ഥാനം. 48 മേഖലകളിൽ മിനിമം വേതനം പുതുക്കി.
- ജോലി ചെയ്യാതെ കൂലി വാങ്ങുന്നതും അമിതകൂലി ആവശ്യപ്പെടുന്നതും നിയമവിരുദ്ധമാക്കി.
- തൊഴിലുറപ്പ് പദ്ധതിയിൽ സമയബന്ധിത കൂലി വിതരണത്തിന് ദേശീയതലത്തിൽ മൂന്നാംസ്ഥാനം
- അതിഥിതൊഴിലാളികൾക്ക് തണലേകി 'ആവാസ് പദ്ധതി'. 25,000 രൂപയുടെ സൗജന്യചികിത്സ, രണ്ടു ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ് പദ്ധതിയിൽ ഇതിനകം രജിസ്റ്റർ ചെയ്തത് 5.09 ലക്ഷം അതിഥി തൊഴിലാളികൾ.
- 1,57,911 പേർക്ക് പി.എസ്.സി നിയമനം
- 440 കായികതാരങ്ങൾക്ക് നിയമനം
- സ്റ്റാർട്ടപ്പുകൾക്കു അനുകൂല സാഹചര്യം, 2900 പുതിയ സ്റ്റാർട്ടപ്പുകൾ, 1300 കോടി നിക്ഷേപം, 30000 തൊഴിലവസരങ്ങൾ
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 2020 ഡിസംബർ വരെ സർക്കാർ മേഖലയിൽ 51,771 പേർക്ക് നിയമനം, സ്ഥിരം നിയമനങ്ങൾ 10,070.
- സ്വകാര്യമേഖലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ 41,351 പേർക്ക് നിയമനം.
- മഹാത്മഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ ഓരോ വർഷവും കേന്ദ്ര സർക്കാർ അനുവദിച്ച തൊഴിൽ ദിനങ്ങളേക്കാൾ കൂടുതൽ തൊഴിൽദിനങ്ങൾ
- 100 കോടി കവിഞ്ഞ് പ്രവാസി ഡിവിഡന്റ് പദ്ധതി, 20 രാജ്യങ്ങളിൽ നിന്നായി 877 നിക്ഷേപകർ, നിക്ഷേപകർക്ക് സർക്കാർ വിഹിതം ഉൾപ്പെടെ 10 ശതമാനം ഡിവിഡന്റ്.
- വിദേശത്ത് ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയ പ്രവാസികൾക്ക് 5000 രൂപ ധനസഹായം
- ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് യുവാക്കൾക്കായി നോർക്കയുടെ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം & റീ ഇന്റഗ്രേഷൻ പ്രോഗ്രാം
- തിരികെ എത്തുന്ന പ്രവാസികൾക്ക് സാന്ത്വന ധനസഹായ പദ്ധതി.

എല്ലാവർക്കും പാർപ്പിടം

- ചരിത്രം സൃഷ്ടിച്ച് മുന്നേറുന്ന ലൈഫ് പദ്ധതിയിൽ 2,81,684 വീടുകളുടെ നിർമാണം പൂർത്തീകരിച്ചു.
- ഭൂമിയുള്ള ഭവന രഹിതർക്ക് വീട് നിർമിക്കാൻ 4 ലക്ഷം രൂപ.
- ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ.
- 1,76,711 പേർക്കു പട്ടയം നൽകി. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടന്ന 1,37,285 കേസുകൾ തീർപ്പാക്കി.
- കടൽക്ഷോഭ മേഖലകളിലെ 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത ഭവനമൊരുക്കാൻ 2,450 കോടി രൂപയുടെ പുനർഗേഹം പദ്ധതി.
- വേലിയേറ്റ മേഖലകളിൽ നിന്നും 500 മീറ്ററിനുള്ളിൽ താമസിക്കുന്ന 750 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥലത്ത് ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു.